**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5996** **09-07-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവത്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കണ്ണൂരിൽ സ്ഥിതി ചെയ്യുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് PASSIVE ഇലക്ട്രോണിക്സ് കംപോണന്റ്സ് നിർമ്മിക്കുന്ന ഒരു Vertical Industry ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കമ്പനിയുടെ വൈവിദ്ധ്യ-വത്ക്കരണത്തിന്റെ ഭാഗമായി 2 കോടി രൂപ ചെലവിൽ റെക്റ്റാംഗുലർ MPP കപ്പാസിറ്റർ ഉല്പാദന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും, 2 കോടി രൂപ മുതൽ മുടക്കി ഇലക്ട്രോലൈറ്റ് കപ്പാസിറ്റർ ഉത്പാദനകേന്ദ്രം വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 18 കോടി രൂപ ചെലവിൽ ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉല്പാദന കേന്ദ്രവും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സൂപ്പർ കപ്പാസിറ്റർ ഉല്പാദന കേന്ദ്രം ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | 2023-24 ൽ പ്രസ്തുത സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ? | (ബി) | 2023 – 24 ൽ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് ലാഭത്തിലാണ് പ്രവർത്തിച്ചത്. 2023-24 ലെ കമ്പനിയുടെ അറ്റാദായം 3.81 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ